**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1217** | **05/03/2018 ൽ മറുപടിക്ക്**

## കശുവണ്ടി പ്രതിസന്ധി നേരിടാനായി കശുമാവ് കൃഷി

**ചോദ്യം**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ.റോജി എം. ജോൺ**
**ശ്രീ.ഷാഫി പറമ്പിൽ**
**ശ്രീ.അനിൽ അക്കര**

**ഉത്തരം**

**ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം അതീവ ഗുരുതരമായ പ്രതിസന്ധി നേരിടുന്നുണ്ടോ; അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം പ്രതിസന്ധി നേരിടുന്നുണ്ട്. അസംസ്കൃത തോട്ടണ്ടിയുടെ ദൗർലഭ്യവും അനിയന്ത്രിതമായവിലക്കയറ്റവുമാണ് ഇതിന് ഏറ്റവും പ്രധാന കാരണം. സ്വകാര്യ വ്യവസായികൾ ബാങ്കുകളിൽ നിന്നെടുത്ത വായ്പയിന്മേലുള്ള അമിത പലിശ വ്യവസായികളെ കടക്കെണിയിലാക്കുകയും ഫാക്ടറികൾ അടച്ചിടേണ്ട സ്ഥിതിയിലേക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടണ്ടിയുടെ വിലവർദ്ധനയും ലഭ്യതക്കുറവും ബാങ്കിൽ നിന്നും വിലക്കയറ്റത്തിന് ആനുപാതികമായ ക്രെഡിറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടുകളും തുടർന്നുണ്ടായ പലിശ വർദ്ധനവും ചെറുകിട വ്യവസായികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ഇതിനു പുറമേ തോട്ടണ്ടിയുടെ ഇറക്കുമതിക്ക് ചുങ്കം ഏർപ്പെടുത്തിയിട്ടുള്ളത് അസംസ്കൃത തോട്ടണ്ടി ഇറക്കുമതിയെ ബാധിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തിന് ആവശ്യമായ തോട്ടണ്ടി ഇവിടെത്തന്നെ ഉത്പാദിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത നടപടികൾ എത്രമാത്രം വിജയപ്രദമായെന്നും വിശദമാക്കാമോ; | (ബി) കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി മുഖേന വിവിധ നടപടികൾ സ്വീകരിച്ച് വരുന്നു. പ്രസ്തുത ഏജൻസിയുടെ പ്രവർത്തന ഫലമായി 2011-12 ലെ 52000 ഹെക്ടറിൽ നിന്നും 33000 മെട്രിക് ടൺ ഉല്പാദനം എന്നത് 2016-17 ൽ 87000 ഹെക്ടറിൽ നിന്നും 83000 മെട്രിക് ടൺ ഉല്പാദനമായി വർദ്ധിപ്പിക്കാൻ സാധിച്ചു. |

(സി) സംസ്ഥാനത്ത് പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കശുമാവ് വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് തീരുമാനം എടുത്തുവെന്ന് വിശദമാക്കാമോ;

(ഡി) തരിശായി കിടക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കശുമാവ് കൃഷി ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി) യും (ഡി) ക്കും

കശുമാവ് കൃഷി വികസന ഏജൻസി 2017-18 സാമ്പത്തിക വർഷത്തിൽ 2 ഹെക്ടറോ അതിൽ കൂടുതലോ ഉള്ള കർഷകരെ ഉൾപ്പെടുത്തി കശുമാവ് തോട്ടം എന്നപേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷകരിൽ നിന്നും വിവിധ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഈ പദ്ധതി പ്രകാരം തൈകൾ സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ ഒരു ഹെക്ടറിന് 13000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നുണ്ട്.

പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി നടത്തുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുമായി ചേർന്ന് ഇതിനകം ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതിക്ക് ദോഷകരമായ അക്കേഷ്യ ഉൾപ്പെടെയുള്ള മരങ്ങൾ വെട്ടി മാറ്റി പകരം കശുമാവ് തൈകൾ വച്ചു പിടിപ്പിക്കുവാൻ മന്ത്രിമാരുൾപ്പെട്ട ഉന്നതതല യോഗ ത്തിൽ തീരുമാനിക്കുകയും തുടർന്ന് വനം വകുപ്പിന്റെ കീഴിലുള്ള 300 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. വരും വർഷം 5000 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാനും വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ കീഴിലുള്ള 305 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുവാനും ഇതിനകം തീരുമാനിച്ചിട്ടുണ്ട്. ഓയിൽപാം ഇന്ത്യാ ലിമിറ്റഡിന്റെ ഏരൂരിലുള്ള 53 ഹെക്ടർ സ്ഥലത്ത് കശുമാവ് തോട്ടം ആരംഭിച്ചിട്ടുണ്ട്.

അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരളയുടെ അംഗങ്ങൾ തോട്ടവിള അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിന് സന്നദ്ധത അറിയിച്ചതിനെത്തുടർന്ന് റവന്യൂ വകുപ്പ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്ലാന്റേഴ്സ് പ്രതിനിധികളുമായി ബഹു.മന്ത്രി നടത്തിയ ചർച്ചയിൽ ഉല്പാദനം കുറവുള്ള റബ്ബർ പ്ലാന്റേഷനിൽ റബ്ബറിനു പകരം എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ

ലാന്റ് റവന്യൂ കമ്മീഷണറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർ തീരുമാനങ്ങൾ കൈക്കൊള്ളാൻ തീരുമാനിച്ചിരിക്കുകയാണ്.

**സെക്ഷൻ ഓഫീസർ**